# NATIONAL BULLETIN

**DATE: 24.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരതയ്ക്ക് ഇന്ത്യയുടെ ആത്മസത്തയെ തകർക്കാൻ സാധിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി.

   **Terrorism cannot break India's spirit, says Prime Minister Narendra Modi. He also assured that those behind the Pahalgam terror attack will be punished.**

2. പാകിസ്ഥാൻ പൗരൻമാർക്ക് വീസ നൽകുന്നത് നിർത്തലാക്കി ഇന്ത്യ. പാകിസ്ഥാനിലേക്കുള്ള യാത്ര ഇന്ത്യാക്കാർ ഒഴിവാക്കണമെന്ന് വിദേശകാര്യ മന്ത്രാലയം.

   **India has decided to suspend visa services to Pakistani nationals with immediate effect in the wake of the Pahalgam terror attack. External Affairs Ministry advised Indian nationals to avoid travelling to Pakisthan.**

3. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ സർവകക്ഷിയോഗം ചേരുന്നു. കരസേനാ മേധാവി നാളെ ജമ്മു കശ്മീർ സന്ദർശിക്കും.

   **The All party meeting convened by government in New Delhi in view of the Pahalgam terror attack began. Army Chief to visit Jammu and Kashmir tomorrow.**

4. മീസിൽസ്-റുബെല്ല മുക്ത യജ്ഞത്തിന് രാജ്യത്ത് തുടക്കം.

   **Nationwide campaign begins for Measles-Rubella eradication.**

5. **കേരളത്തിൽ 2027 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുക ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്..**

**Kerala aims to eliminate Malaria by 2027, says Health Minister Veena George.**

6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസ് പോരാട്ടം**

**In IPL cricket today: Royal Challengers Bangalore will face Rajasthan Royals.**

✡✡✡✡✡✡✡✡✡✡✡✡✡

## PM TERRORISM (INTRO)

ഭീകരതയ്ക്ക് ഇന്ത്യയുടെ ആത്മസത്തയെ തകർക്കാൻ സാധിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. പഹൽഗാം സംഭവം രാജ്യത്തിന്റെ ആത്മാവിന് നേർക്കുണ്ടായ കടന്നാക്രമണമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയിസ്)

140 കോടി ജനങ്ങളുടെ നിശ്ചയദാർഢ്യത്തിൻറെ പിൻബലത്തിൽ ഭീകരതയെ ചെറുത്തു തോൽപ്പിക്കുമെന്ന് വ്യക്തമാക്കിയ ശ്രീ നരേന്ദ്ര മോദി ആക്രമണത്തിനിരയായവർക്ക് നീതി ഉറപ്പാക്കാൻ രാജ്യം ഒരു മനസ്സോടെ നിലകൊള്ളുമെന്നും പറഞ്ഞു. ബിഹാറിൽ 13,500 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡

## PREZ- AMIT SHAH

സർവകക്ഷി യോഗത്തിന് മുന്നോടിയായി ആഭ്യന്തര മന്ത്രി അമിത് ഷായും വിദേശ കാര്യ മന്ത്രി ജയ്ശങ്കറും രാഷ്ട്രപതി ഭവനിലെത്തി രാഷ്ട്രപതി ദ്രൗപതി മുർമുവിനെ കണ്ടു. പഹൽഗാം ഭീകരാക്രമണവും, തുടർന്ന് സ്വീകരിച്ച നടപടികളും കേന്ദ്രമന്ത്രിമാർ രാഷ്ട്രപതിയെ ധരിപ്പിച്ചു. യുകെ, ജർമനി, ജപ്പാൻ തുടങ്ങി തിരഞ്ഞെടുത്ത രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരെയും ഭീകരാക്രമണത്തിൻറെ വിശദാംശങ്ങൾ വിദേശകാര്യമന്ത്രാലയം ഇന്ന് ധരിപ്പിച്ചു.

## INDIA - PAK VISA

ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ പാകിസ്ഥാൻ പൗരൻമാർക്ക് വീസ നൽകുന്നത് എത്രയും വേഗം നിർത്തലാക്കാൻ ഇന്ത്യ തീരുമാനിച്ചു. നിലവിലുള്ള വീസയുടെ കാലാവധി ഈ മാസം 27 ന് അവസാനിക്കും. മെഡിക്കൽ വീസകളുടെ കാലാവധി ചൊവ്വാഴ്ചയോടെ റദ്ദാക്കും. അനുവദിച്ച കാലാവധിക്കുള്ളിൽ എല്ലാ പാകിസ്ഥാൻ പൗരൻമാരും ഇന്ത്യ വിടണമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യാക്കാർ പാകിസ്ഥാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും പാകിസ്ഥാനിലുള്ള ഇന്ത്യൻ പൗരൻമാർ എത്രയും വേഗം മടങ്ങിയെത്തണമെന്നും മന്ത്രാലയം നിർദേശം നൽകി.

## PAHALGAM- ALL PARTY MEETING

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ പാർലമെന്റ് മന്ദിരത്തിലാണ് യോഗം. കേന്ദ്രമന്ത്രിമാർക്ക് പുറമെ പ്രതിപക്ഷ നേതാക്കളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനികളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ ശ്രീ രാജ് നാഥ് സിങ്ങ് യോഗത്തിൽ വിശദീകരിക്കും.

## ARMY CHIEF-J and K VISIT

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി നാളെ ജമ്മു കശ്മീർ സന്ദർശിക്കും. മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ കരസേനാ മേധാവി അവലോകനം ചെയ്യുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. അതെസമയം, ഭീകരാക്രമണവുമായി ബന്ധപ്പെട്ട മൂന്ന് ലഷ്കർ ഭീകരരെ കുറിച്ച് വിവരം നൽകുന്നവർക്ക് ആകെ 60 ലക്ഷം രൂപ പാരിതോഷികം നൽകുമെന്ന് ജമ്മു കശ്മീർ പോലീസ്.

## PUNJAB-ATTARI GATES CLOSED

അമൃത്സറിലെ അട്ടാരി, ഫിറോസ്പൂരിലെ ഹുസൈനിവാല, പഞ്ചാബിലെ ഫാസിൽക്കയിലെ സദ്കി എന്നിവിടങ്ങളിൽ നടക്കുന്ന റിട്രീറ്റ് ചടങ്ങിനിടെയുള്ള ആചാരപരമായ പ്രദർശനത്തിൻറെ സമയം പരിമിതപ്പെടുത്താൻ കേന്ദ്ര തീരുമാനം. റിട്രീറ്റ് ചടങ്ങിനിടയിൽ പോലും ഗേറ്റ് തുറക്കില്ല. പ്രോട്ടോക്കോൾ പ്രകാരം സൂര്യാസ്തമയ സമയത്ത് ഇന്ത്യൻ പതാക താഴ്ത്തിയ ശേഷമുള്ള ഹസ്തദാനവും ഒഴിവാക്കി.

✡✡✡✡✡✡✡✡✡✡✡✡✡

## ABIR GULAAL - BANNED

പാകിസ്ഥാൻ നടൻ ഫവാദ് ഖാൻ നായകനായ 'അബിർ ഗുലാൽ' എന്ന ചിത്രത്തിന് ഇന്ത്യയിൽ പ്രദർശനാനുമതി നിഷേധിച്ചു. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് തീരുമാനമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ആരതി എസ് ബാഗ്ദി സംവിധാനം ചെയ്ത 'അബിർ ഗുലാൽ' എന്ന ചിത്രം അടുത്ത മാസം 9 ന് തിയേറ്ററുകളിൽ എത്താനിരിക്കെയാണ് വിലക്ക് ഏർപ്പെടുത്തിയത്.

✡✡✡✡✡✡✡✡✡✡✡✡✡

## UDHAMPUR-KULGAM ENCOUNTER

ജമ്മു കശ്മീരിലെ ഉധംപൂർ ജില്ലയിൽ സുരക്ഷാ സേനയും ഭീകരരും തമ്മിലുണ്ടായ വെടിവയ്പ്പിൽ ഒരു സൈനികന് വീരമൃത്യു. ഡുഡു-ബസന്ത്ഗഢ് പ്രദേശത്ത് ഭീകര സാന്നിധ്യമുണ്ടെന്ന വിവരത്തിൻറെ അടിസ്ഥാനത്തിൽ സേന നടത്തിയ തിരച്ചിലിനിടെയാണ് വെടിവയ്പ്പ്.

✡✡✡✡✡✡✡✡✡✡✡✡✡

## NAVY MISSILE

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ഗൈഡഡ് മിസൈലിൻറെ പരീക്ഷണം വിജയകരം. സമുദ്രത്തിൽ നിന്ന് തൊടുക്കാവുന്ന ദീർഘദൂര പ്രഹര ശേഷിയുള്ള മിസൈലിൻറെ പരീക്ഷണം ഐഎൻഎസ് സൂറത്തിലാണ് നടന്നത്. പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയതായി നാവികസേന സമൂഹമാധ്യമമായ എക്സിലൂടെ അറിയിക്കുകയായിരുന്നു.

✿✿✿✿✿✿✿✿✿✿✿✿✿

## CWC + BJP

ന്യൂഡൽഹിയിൽ ചേർന്ന കോൺഗ്രസ് പ്രവർത്തക സമിതി യോഗം പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. അമർനാഥ് യാത്രയിൽ പങ്കെടുക്കാൻ എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകണമെന്നും യോഗം ആവശ്യപ്പെട്ടു. അതെസമയം, പഹൽഗാം ഭീകരാക്രമണത്തിൽ ഡൽഹിയിലെ പാകിസ്ഥാൻ ഹൈ കമ്മീഷന് മുന്നിൽ ബി ജെ പി നേതാക്കളും പ്രവർത്തകരും പ്രതിഷേധിച്ചു.

✿✿✿✿✿✿✿✿✿✿✿✿✿

## NADDA - MEASLES - RUBELLA CAMPAIGN

മീസിൽസ്-റുബെല്ല മുക്ത യജ്ഞത്തിന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. ജനുവരി മുതൽ കഴിഞ്ഞ മാസം വരെ 322 ജില്ലകളിൽ മീസിൽസ് കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. പ്രതിരോധ കുത്തിവെയ്പ്പിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് സമഗ്ര പങ്കാളിത്തം നൽകണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു.

✿✿✿✿✿✿✿✿✿✿✿✿✿

## VEENAGEORGE

കേരളത്തിൽ 2027 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തി വരുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. മലമ്പനി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

✿✿✿✿✿✿✿✿✿✿✿✿✿

## V.ABDURAHIMAN (INTRO)

കേരളത്തിൽ ലഹരി വിരുദ്ധ കാമ്പയിന് തുടക്കം കുറിച്ച് കായിക വകുപ്പ്. പഞ്ചായത്ത്, ജില്ലാ തല സ്പോർട്സ് കൗൺസിലുകളെ ഏകോപിപ്പിച്ചുകൊണ്ട്

പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് മന്ത്രി വി അബ്ദു റഹിമാൻ വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

(വോയ്സ്)

✡✡✡✡✡✡✡✡✡✡✡✡✡

## Ramachandran

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായ എറണാകുളം സ്വദേശി എൻ രാമചന്ദ്രൻറെ സംസ്കാരം നാളെ ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. രാവിലെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പൊതുദർശനം ഉണ്ടായിരിക്കും. ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട അരുണാചൽ സ്വദേശിയായ വ്യോമസേന ഉദ്യോഗസ്ഥൻ തേജ് ഹെയ്ലാങ്ങിൻറെ മൃതദേഹം നാട്ടിലെത്തിച്ചു. സംസ്കാരം പൂർണ്ണ സൈനിക ബഹുമതികളോടെ നാളെ നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡

## IPL

ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ രാജസ്ഥാൻ, ബെംഗളൂരുവിനെ ബാറ്റിംഗിനയച്ചു. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

✡✡✡✡✡✡✡✡✡✡✡✡✡

## POPE

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്ത്യാദരം അർപ്പിച്ച് ജനസഹസ്രങ്ങൾ. സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ ശനിയാഴ്ചവരെയാണ് പൊതുദർശനത്തിന് ക്രമീകരണം ഒരുക്കിയിരിക്കുന്നത്. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 - ഓടെയാണ് സംസ്കാര ചടങ്ങുകൾ ആരംഭിക്കുക. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഗ്രഹ പ്രകാരം റോമിലെ സെൻറ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. ശനിയാഴ്ച ഇന്ത്യയിൽ ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

## SC- GODHRA CASE

2002-ലെ ഗോധ്ര കേസിൽ ഗുജറാത്ത് സർക്കാർ സമർപ്പിച്ച അപ്പീലുകളിൽ ഉൾപ്പെടെ അടുത്ത മാസം 6, 7 തീയതികളിൽ അന്തിമ വാദം കേൾക്കുമെന്ന് സുപ്രീം കോടതി. ഗുജറാത്ത് സർക്കാരും നിരവധി കുറ്റവാളികളും സമർപ്പിച്ച അപ്പീലുകൾ, ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരിയും രാജേഷ് ബിൻഡലും അടങ്ങുന്ന ബെഞ്ച് ആയിരിക്കും പരിഗണിക്കുക. 2002 ഫെബ്രുവരിയിൽ ഗുജറാത്തിലെ ഗോധ്രയ്ക്ക് സമീപം സബർമതി എക്സ്പ്രസ് കത്തിച്ച സംഭവത്തിൽ 59 പേരാണ് മരിച്ചത്.

## STOCK/GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 315 പോയിൻറ് ഇടിഞ്ഞ് 79,801 ലും, നിഫ്റ്റി 82 പോയിൻറ് താഴ്ന്ന് 24,246 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് പത്ത് രൂപ കുറഞ്ഞ് 9,005 രൂപയും, പവന് 80 രൂപ കുറഞ്ഞ് 72,040 രൂപയുമാണ് ഇന്നത്തെ വില.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് ഈ മാസം 27- ന്. പരിപാടിയുടെ 121-ാം പതിപ്പാണിത്.

പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും, MY GOV ഓപ്പൺ ഫോറത്തിലൂടെയും, നമോ ആപ്പിലൂടെയും, 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ അറിയിക്കാം.

## KERALA WEATHER

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട,

കോട്ടയം, എറണാകുളം ഇടുക്കി, ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. പാലക്കാട് കോഴിക്കോട് ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡

## PM INDIA STEEL

2030 -ഓടെ രാജ്യത്തിൻറെ ഉരുക്ക് ഉൽപ്പാദനം 300 ദശലക്ഷം ടണ്ണായി ഉയർത്തുകയാണ് ദേശീയ ഉരുക്ക് നയത്തിൻറെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

മുംബൈയിൽ നടക്കുന്ന ഇന്ത്യ സ്റ്റീൽ - ആറാമത് അന്താരാഷ്ട്ര പ്രദർശന ത്തിൻറെയും സമ്മേളനത്തിൻറെയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പിഎം ഗതി ശക്തി പദ്ധതിയിലൂടെ 2030 ആകുമ്പോഴേക്കും പ്രതിശീർഷ ഉരുക്ക് ഉപഭോഗം 98 കിലോഗ്രാമിൽ നിന്ന് 160 കിലോഗ്രാമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡
✡✡✡✡✡